LIBRARY ARCHIVES Kerala Legislative Assembly

ചെങ്ങന്നൂർ കോലമുക്കത്ത് വാട്ടർ സപ്ലൈ സ്കീം

56 (220) ശ്രീമതി ശോഭനാജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ കോലമുക്കത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കീമിന്റെ ഓവർ ഹെഡ്ടാങ്കിന്റെ പണി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടാങ്കിന്റെ പണിയും പൈപ്പ് ലൈൻ ഇടുന്ന പണിയും അടിയന്തിരമായി പൂർത്തികരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വാട്ടർ സപ്ലൈ സ്കിം എന്നത്തേക്ക് കമ്മീഷൻ ചെയ്യും എന്ന് വ്യക്തമാക്കമോ ?

ഉത്തരം

(എ) 30-6-2000-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സ്വീകരിച്ചു കഴിഞ്ഞു.

(ഡി) 30-6-2000-ൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ലയിലെ ഉൾനാടൻ ജലഗതാഗത വികസനം

57 (221) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി കൊച്ചിൻ കനാലും, കനോലി കനാലും തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് ജില്ലയിലെ ഉൾനാടൻ ജലഗതാഗത വികസനത്തിനുള്ള ഏതെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇത് സംബന്ധമായി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ ?